## പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

### സംയോജിത നീർത്തട പരിപാലന പരിപാടി

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 4687 — 05.02.2014 ൽ മറുപടിക്ക്

| ചോദ്യം. | | ഉത്തരം. | |
|---|---|---|---|
| ശ്രീ. റ്റി. യു. കുരുവിള | | ശ്രീ.കെ.സി.ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) | |
| (എ) | സംസ്ഥാനത്ത് എത്ര ബ്ലോക്കുകളിൽ സംയോജിത നീർത്തട പരിപാലന പരിപാടി നടപ്പിലാക്കിയിട്ടുണ്ട്; | (എ) | സംസ്ഥാനത്ത് 51 ബ്ലോക്കുകളിലായി 71 പ്രോജക്ടുകൾ സംയോജിത നീർത്തട പരിപാലന പരിപാടി പ്രകാരം നടപ്പിലാക്കി വരുന്നു. |
| (ബി) | കോതമംഗലം ബ്ലോക്കിൽ 2014-2015-ൽ സംയോജിത നീർത്തട പരിപാലന പരിപാടി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; | (ബി) | കേന്ദ്രസർക്കാരിന് സമർപ്പിച്ച സ്റ്റേറ്റ് പെർസ്പെക്ടീവ് & സ്ട്രാറ്റജിക് പ്ലാനിൽ നിന്ന് കേന്ദ്രസർക്കാർ നിശ്ചയിച്ച മാനദണ്ഡ പ്രകാരം കേരളത്തിൽ 2014-15 ൽ പദ്ധതി പ്രകാരം ഏറ്റെടുക്കുവാൻ അനുവദിക്കുന്ന ട്രീറ്റ്മെന്റ് ഏരിയയുടെ (ഹെക്ടറിൽ)അളവിന്റെ അടിസ്ഥാനത്തിലാണ് വിവിധ ബ്ലോക്കുകളെ പദ്ധതിയിൽ കേന്ദ്രസർക്കാർ ഉൾപ്പെടുത്തുന്നത്. |
| (സി) | ഗ്രാമപഞ്ചായത്ത് തലത്തിലുള്ള നീർത്തട കമ്മറ്റിയുടെ ഓഫീസ്, സ്റ്റാഫ് മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവ സംബന്ധിച്ച കേന്ദ്ര മാർഗ്ഗരേഖ വിശദമാക്കുമോ; | (സി) | ഗ്രാമ പഞ്ചായത്ത് തലത്തിലുള്ള നീർത്തട കമ്മിറ്റിയുടെ അദ്ധ്യക്ഷനായി ആ പ്രദേശത്ത് നിന്നും അനുയോജ്യനായ ഒരാളെ ഗ്രാമ സഭയ്ക്ക് തെരഞ്ഞെടുക്കാവുന്നതാണ്. അതല്ലെങ്കിൽ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് അതല്ലെങ്കിൽ മെമ്പർ എന്നിവരെയും നീർത്തട കമ്മിറ്റിയുടെ അദ്ധ്യക്ഷനാക്കാവുന്നതാണ്. നീർത്തട കമ്മിറ്റി സെക്രട്ടറിയായി ഒരാളെ വേതനം |

| | | | |
|---|---|---|---|
| | | | നൽകി നിയമിയ്ക്കുന്നതിന് ഗ്രാമ സഭയ്ക്ക് തെരഞ്ഞെടുക്കാവുന്നതാണ്. നീർത്തട കമ്മിറ്റിയുടെ ചെയർമാന്റെ മേൽനോട്ടത്തിലായിരിക്കണം സെക്രട്ടറിയുടെ പ്രവർത്തനം. മറ്റ് സ്റ്റാഫുകൾ ഒന്നും തന്നെയില്ല. ആഫീസ്, അടിസ്ഥാന സൗകര്യങ്ങൾ എന്നിവയെ ഗ്രാമ പഞ്ചായത്ത് ഒരുക്കേണ്ടതാണ്. |
| (ഡി) | പ്രസ്തുത സംവിധാനം സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ടോ ; ഇല്ലെങ്കിൽ നടപ്പിലാക്കുമോ ? | (ഡി) | ഈ സംവിധാനം സംസ്ഥാനത്ത് ചില ഭേദഗതികളോടെ നടപ്പിലാക്കിയിട്ടുണ്ട്. നീർത്തട കമ്മിറ്റി ചെയർമാനായി ഗ്രാമ പഞ്ചായത്ത് പ്രസിഡന്റിനെ ചുമതലപ്പെടുത്തി. സെക്രട്ടറിയായി പുറത്ത് നിന്ന് ആളിനെ നിയമിക്കുന്നതിന് പകരം വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാർക്ക് ആ ചുമതല നൽകിയിട്ടുണ്ട്. വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറുടെ ഓഫീസ് തന്നെ നീർത്തട കമ്മിറ്റി ആഫീസായി പ്രവർത്തിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ